# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 1273 02.05.2017-ൽ മറുപടിയ്ക്ക്.

## ഗ്രാമസഭകളുടെ പ്രവർത്തനം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീമതി ഇ.എസ്.ബിജിമോൾ<br>ശ്രീ.ആർ. രാമചന്ദ്രൻ<br>ശ്രീമതി ഗീതാ ഗോപി<br>ശ്രീ.മുഹമ്മദ് മുഹസിൻ പി. | | ഡോ.കെ.റ്റി.ജലീൽ<br>(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പമന്ത്രി) | |
| (എ) | ജനാധിപത്യ പ്രക്രിയയിൽ ജനങ്ങൾക്ക് തീരുമാനങ്ങളിൽ പങ്കാളികളാകാനുള്ള വേദികളായ ഗ്രാമസഭകൾക്ക് എന്ത് സ്ഥാനവും പ്രസക്തിയും അധികാരങ്ങളുമാണ് പഞ്ചായത്തീരാജ് നിയമങ്ങളിൽ വ്യവസ്ഥ ചെയ്തിട്ടുള്ളതെന്ന് വിശദമാക്കുമോ; ആയത് നിറവേറുന്നുണ്ടോ എന്ന് പരിശോധിച്ചിട്ടുണ്ടോ; | (എ) | കേരള പഞ്ചായത്ത് രാജ് ആക്ട് പട്ടിക 3, 3 എ, 3 ബി-യിൽ ഗ്രാമസഭ, ഗ്രാമസഭയുടെ അധികാരങ്ങളും ചുമതലകളും അവകാശങ്ങളും ഉത്തരവാദിത്തങ്ങൾ എന്നിവയെ പ്രതിപാദിച്ചിട്ടുണ്ട്. ആയത് പ്രകാരം ഗ്രാമ പഞ്ചായത്ത് വഹിക്കേണ്ട ചുമതലകൾ പൂർണ്ണമായി നടപ്പാക്കുന്നതിന് വേണ്ട സഹായം ഗ്രാമസഭ നൽകേണ്ടതാണ്. ആയത് ഉറപ്പ് വരുത്തുന്നതിന് 13-ാം പഞ്ചവത്സരപദ്ധതിയിലെ ആദ്യ വാർഷിക പദ്ധതി 2017-18 തയ്യാറാക്കൽ സംബന്ധിച്ച് പുറപ്പെടുവിച്ച മാർഗ്ഗരേഖയിൽ കൂടുതൽ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. |
| (ബി) | ഗ്രാമസഭകൾ എത്ര കാലയളവിനുള്ളിൽ ചേരണമെന്നാണ് നിയമത്തിൽ വ്യവസ്ഥ ചെയ്തിട്ടുള്ളത്; ഇതിൽ വീഴ്ചവരുത്തുന്നതിന് എന്ത് | (ബി) | കേരള പഞ്ചായത്ത് രാജ് ആക്ട് പട്ടിക 3 പ്രകാരം ഗ്രാമസഭ കുറഞ്ഞ പക്ഷം മൂന്ന് മാസത്തിൽ ഒരിക്കലെങ്കിലും ചേരേണ്ടതാണ് എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. കേരള പഞ്ചായത്ത് രാജ് ആക്ട് 35-ാം വകുപ്പ് (പി) |

| | | | |
|---|---|---|---|
| | ശിക്ഷാനടപടികളാണ് വിഭാവനം ചെയ്തിട്ടുള്ളത്: | | പ്രകാരം താൻ കൺവീനറായിരിക്കുന്ന ഗ്രാമസഭയുടെ യോഗം മൂന്ന് മാസത്തിലൊരിക്കൽ വിളിച്ചു കൂട്ടുന്നതിൽ തുടർച്ചയായി (3 തവണ) വീഴ്ച വരുത്തുന്ന പക്ഷം അംഗം അയോഗ്യനാകുന്നതാണ്. |
| (സി) | സംസ്ഥാനത്ത് ഗ്രാമസഭകളുടെ ഫലപ്രദമായ പ്രവർത്തനത്തിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നത്? | (സി) | കേരള പഞ്ചായത്ത് രാജ് ആക്റ്റ് പട്ടിക 3 പ്രകാരവും 2017-18 ലെ മാർഗ്ഗനിർദ്ദേശങ്ങളും അനുസരിച്ചുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നു. |

**സെക്ഷൻ ഓഫീസർ**